**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം.**

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം-ഡോ.വിനീത മോഹൻ, ജൂനിയർ കൺസൾട്ടന്റ്, ജനറൽ സർജറി പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)Lr.No.A6/17890/2022, DMO(H)Kottayam, dtd:12/11/2024

2)കാരണം കാണിക്കൽ നോട്ടീസ് നം.ഇബി 2-26083/2024, ആവഡ, തിയതി :17/01/2025

**ഉത്തരവ് നം. (കെ.ഡിസ്)ഇ.ബി2-26083/2024/ആ.വ.ഡ തീയതി : 08-08-2025**

പാമ്പാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.വിനീത മോഹൻ 01/06/2022 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നതായി പരാമർശം 1 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് പരാമർശം 2 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെകിൽ ആയത് നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഡോ.വിനീത മോഹൻ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റാത്തതിനാൽ 02/06/2025 ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ടിയാൾ വിശദീകരണം നാളിതുവരെ സമർപ്പിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് പാർട്ട് II ചട്ടം 19(a)(ii) പ്രകാരം പ്രൊബേഷണറായ ഡോ.വിനീത മോഹന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 08-08-2025 16:42:14

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: **Dr.VineethaMohan.**

**Karuthikalathil(H), Mattam,Changanassery,Kottayam, Pin.686101**

പകർപ്പ് : 1)അക്കൗണ്ടന്റ് ജനറൽ(എ&ഇ)തിരുവനന്തപുരം

2)ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)കോട്ടയം

3)ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

4) ഫയൽ/കരുതൽ ഫയൽ